**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ആശുപത്രികളുടെ വൈവിധ്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ടൂറിസം സാദ്ധ്യത പരിഗണിച്ച് സർക്കാർ ആയുർവേദ ആശുപത്രികളുടെ നവീകരണവും വൈവിദ്ധ്യവത്ക്കരണവും നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | നവീകരണത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിലെ ചികിത്സാ സ്ഥാപനങ്ങൾ KASH (Kerala Accredited Standards of Hospitals) നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്തുന്നതിനാവശ്യമായ നടപടികളും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ആശുപത്രികൾ NABH അക്രെഡിറ്റേഷൻ നേടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ആയുർവേദ കോളേജിൻ കീഴിലുള്ള ആശുപത്രികൾ പൂർണ്ണമായും ഓഫീസ് ഓട്ടോമോഷൻ നടത്തുന്നതിന്റെ ഭാഗമായി ഇ-ഹോസ്പിറ്റൽ സംവിധാനവും OP/IP നവീകരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ കേരളത്തിന്റെ ടൂറിസം മേഖലയിലെ ആയുർവേദ സ്ഥാപനങ്ങളെ ആയുർവേദ ഹോളിസ്റ്റിക് സെന്ററുകളായി മാറ്റുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. കൂടാതെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണ്. |
| (ബി) | എല്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിലും പഞ്ചകർമ്മ ഉൾപ്പെടെ എല്ലാ ചികിത്സകളും നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ എല്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിലും പഞ്ചകർമ്മ ചികിത്സ ഉൾപ്പെടെ എല്ലാ ചികിത്സകളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ